ഹൈടെക് യുഗത്തിലേയ്ക്ക്, കേരളത്തെ നമ്മൾ ഉന്നതമായ രംഗത്തേയ്ക്ക് നയിച്ചിട്ട് പ്രാഥമിക വിദ്യാഭ്യാസം കൊടുക്കാൻ കഴിയാതെ മുന്നോട്ട് പോയിട്ട് എന്തുകാര്യം? അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയടക്കം ഞാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇക്കാര്യത്തിൽ സാമ്പത്തികമായി കുഴപ്പമാണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. കാരണം പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാതെ കഷ്ടപ്പെടുന്ന കുട്ടികൾക്ക് ഭരണഘടന നൽകുന്ന മൗലികാവകാശം നൽകണം. ഗവൺമെന്റിന്റെ ഔദാര്യം വേണ്ട. ഈ അവകാശം അനുസരിച്ച് ഈ അദ്ധ്യയന വർഷം തന്നെ ആവശ്യമായ സ്ഥലങ്ങളിൽ നിർബന്ധമായും അത് അപ്ഗ്രേഡ് ചെയ്യുന്ന നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇതിനുവേണ്ടിയുള്ള പരിശ്രമം ഗവൺമെൻറ് തീർച്ചയായിട്ടും ചെയ്യും. ചെയ്യുന്ന സമയത്ത് ശ്രീ. മമ്മൂട്ടി ഇവിടെ പ്രകടിപ്പിച്ച വികാരം, എല്ലാവരും പറഞ്ഞ വികാരം ഗവൺമെന്റ് കണക്കിലെടുക്കും.

III. സബ്മിഷൻ

(1) അഷ്റഫ് എന്ന ആളിന്റെ കൊലപാതകം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : നാടിനെ നടുക്കിയ, ചാരുംമൂട് കടവിനാൽ ജുമാമസ്ജിദിന്റെ നേരെ ഒരു ആക്രമണം നടക്കുകയും അഷറഫ് എന്നു പറയുന്ന യുവാവ് ആക്രമണത്തിൽ മരണപ്പെടുകയും
10 A.M.] ചെയ്തു. അതിലെ പ്രധാന പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അതിൽ അന്വേഷണം കുറച്ചുകൂടി സീരിയസ്സായി നടത്തിക്കൊണ്ട് പോകുകയും പ്രധാന പ്രതികളെ ഉടൻതന്നെ അറസ്റ്റു ചെയ്ത് കസ്റ്റഡിയിൽ എടുത്ത് കേസ് ഗൗരവമായി കൈകാര്യം ചെയ്യുകയും ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ താല്പര്യപൂർവ്വമുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ അനാഥമായ കുടുംബത്തിൽ രണ്ടു കുട്ടികളും ചെറുപ്പക്കാരിയായ ഒരു ഭാര്യയുമാണുള്ളത്. ഏതെങ്കിലും തരത്തിൽ ഒരു തൊഴിൽ ആ കുടുംബത്തിനു നൽകാൻ കഴിഞ്ഞാൽ വലിയ ഉപകാരമായിരിക്കും. അതുപോലെതന്നെ പള്ളിയുടെ ഒട്ടേറെ ഭാഗങ്ങൾ തല്ലിത്തകർത്തിരിക്കുകയാണ്. അതിന്റെ റിപ്പയർ പണിക്കും ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ആ നാട്ടിലെ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ നേരെ ഉണ്ടായിട്ടുള്ള ഈ ആക്രമണം ഫലപ്രദമായിട്ടുള്ള നിലയിൽ കൈകാര്യം ചെയ്തുകൊണ്ട്, വർഗ്ഗീയമായ വികാരം ഇളക്കി വിടുന്നതിന് ആർ. എസ്. എസ്സിന്റെ ഈ ഭീകരമായ ആക്രമണം അവസരം ഉണ്ടാക്കിയിട്ടുണ്ട്. അവിടെയുള്ള ജനങ്ങൾ വളരെ ശക്തമായി മതസൗഹാർദ്ദത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടുള്ള ഒരു നിലപാടു സ്വീകരിച്ചതുകൊണ്ട് ആ തരത്തിലുള്ള വികാരങ്ങൾ അവിടെ ഇളക്കിവിടാൻ കഴിഞ്ഞിട്ടില്ല. ബോധപൂർവ്വമായ, അപ്രതീക്ഷിതമായ ഒരു ആക്രമണമാണ് അവിടെ നടന്നിട്ടുള്ളത്. അതു സംബന്ധിച്ച് ഗവൺമെന്റ് കൂടുതൽ സീരിയസ്സായി കൈകാര്യം ചെയ്യണം. ഏതാണ്ട് പത്ത് ഇരുപത് ആളുകൾ ചേർന്ന് സംഘടിതമായി നടത്തിയ ആക്രമണമാണ്. മൂന്നു നാല് ആളുകളെ മാത്രമാണ് അറസ്റ്റിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുവച്ചിട്ടുള്ളത്. അതുകൊണ്ട് സീരിയസ്സായിട്ടുള്ള നിലയിൽ ഒരു അന്വേഷണവും പ്രധാന പ്രതികളെ കസ്റ്റഡിയിൽ എടുക്കുകയും അവർക്കെതിരായിട്ടുള്ള മാതൃകാപരമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എം. മുരളിയുടെ നിയോജക മണ്ഡലത്തിലാണ് ഇത് ഉണ്ടായിട്ടുള്ളത്. അദ്ദേഹവും ഒരു സബ്മിഷൻ തന്നിട്ടുണ്ട്. ഒരു വാക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. മുരളി: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവു പറഞ്ഞ എല്ലാ വികാരങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള നേതാക്കന്മാർ അവിടെവന്ന് സമാധാന ശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തു. പ്രധാന പ്രതികളെ പിടിച്ചു. പക്ഷേ അതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും വലവീശി പിടിക്കുകയും അതോടൊപ്പംതന്നെ പാവപ്പെട്ട കുടുംബത്തെ സംരക്ഷിക്കുകയും തകർക്കപ്പെട്ട പള്ളിയുടെ പുനർ നിർമ്മാണം നടത്തുകയും ചെയ്ത് അടിയന്തിരമായി അവിടെ സമാധാനം നിലനിർത്തുവാൻ വേണ്ട നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് സ്വീകരിക്കണം. ഇന്നലത്തെ ക്യാബിനറ്റ് വിധവയ്ക്ക് ജോലി കൊടുക്കുവാൻ തീരുമാനിച്ചു. അതിനു പ്രത്യേകമായി ഞാൻ നന്ദി പറയുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, പ്രതിപക്ഷ നേതാവും മാവേലിക്കര എം. എൽ. എ. യും ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി എടുത്തിരിക്കുന്ന കാര്യമാണ്. ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമാണ്. കരുതിക്കൂട്ടി നടത്തിയ ഒരു ആക്രമണത്തിലാണ് ശ്രീ. അഷറഫ് കൊല്ലപ്പെട്ടത്. അതിനെതിരായി കർശനമായ നിയമ നടപടികൾ എടുത്തു കഴിഞ്ഞു. അഞ്ചു പേരെ അറസ്റ്റു ചെയ്തു. നേതാക്കൾ അടക്കമുള്ളവരെയാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. അറസ്റ്റു ചെയ്ത രണ്ടുപേരിൽ ഒരാൾ അവിടുത്തെ ആർ. എസ്. എസ്. മണ്ഡൽ പ്രചാരകനാണ്. മറ്റൊരാൾ ബി. ജെ. പി. യുടെ വള്ളികുന്നം മണ്ഡലം പ്രസിഡന്റാണ്. ആ നേതാവടക്കം അഞ്ചു പേരെ അറസ്റ്റു ചെയ്തു. മറ്റു പ്രതികൾക്കായുള്ള തെരച്ചിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ നിയമ നടപടികളുടെ കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകുകയില്ല. ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ, ഐ. ജി. അടക്കമുള്ളമുള്ളവർ നേരിട്ടു സ്ഥലത്ത് ചെന്ന് അന്വേഷിക്കുകയും മറ്റുള്ള അനന്തര നടപടികൾക്ക് നേതൃത്വം നല്കിയിട്ടുള്ളതുമാണ്. ആ കുടുംബത്തെ സഹായിക്കണമെന്ന് പ്രതിപക്ഷ നേതാവും ശ്രീ. മുരളിയും ഇവിടെ പറഞ്ഞു. ഞാൻ അവിടെ ചെന്നപ്പോൾത്തന്നെ അവിടെയുള്ള മുഴുവൻ ആളുകളും പ്രകടിപ്പിച്ച വികാരവും അതാണ്. അതുകൊണ്ട് ഇന്നലത്തെ ക്യാബിനറ്റിൽ തന്നെ മരിച്ച അഷറഫിന്റെ ഭാര്യക്ക് ജോലി കൊടുക്കുവാനും ആ കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള മറ്റു കാര്യങ്ങളിലും തീരുമാനമെടുത്തുകഴിഞ്ഞു. പള്ളിയുടെ കാര്യത്തിൽ, അവിടെത്തന്നെ മത സൗഹാർദ്ദ സമിതി മത സൗഹാർദ്ദത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതീകമായിത്തന്നെ നഷ്ടനഷ്ടങ്ങൾ നികത്തുന്നതിന് വേണ്ടിയിട്ടുള്ള നടപടികളെടുത്തു കൊള്ളാമെന്ന് വ്യക്തമായ ഉറപ്പു നൽകിയിട്ടുണ്ട്. അവർ അത് നിർവ്വഹിക്കും. ഏതായാലും അവിടെ ഇതിനെത്തുടർന്ന് മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടി എല്ലാവരും ഈ കാര്യങ്ങളിലെല്ലാം സഹകരിച്ചു. ഇത്ര നിന്ദ്യവും നീചവുമായ സംഭവമുണ്ടായിട്ടും അതിന് അതേ രീതിയിലുള്ള പ്രതികരണമുണ്ടായില്ല എന്നുള്ള ഒരു ആശ്വാസം നമുക്കുണ്ട്. ഈ കാര്യത്തിൽ ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിക്കും.

(2) ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, തിരുവനന്തപുരം ജില്ലയിൽ ഏതാണ്ട് ഇരുപതിനായിരത്തോളം വരുന്ന ഈറ്റത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും കഴിഞ്ഞ പത്തു ദിവസക്കാലമായി ബാംബൂ കോർപ്പറേഷന്റെ ഡിപ്പോകൾക്കു മുമ്പിൽ പട്ടിണി സമരം നടത്തി വരുകയാണ്. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് വർദ്ധിപ്പിച്ചതുമൂലം ഈറ്റയ്ക്കുണ്ടായ വില വർദ്ധനവും അതിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില നല്കാത്തതും അതുപോലെ തിരുവനന്തപുരം ജില്ലയിൽ ഈറ്റത്തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിനു വേണ്ടി ആവശ്യത്തിന് ഈറ്റ ലഭിക്കാത്തതുമാണ് ഇപ്പോഴുണ്ടായ പ്രശ്നത്തിനു കാരണം. അതുപോലെ ഈറ്റ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നില്ല. അതിനു പ്രധാന കാരണം ബാംബൂ കോർപ്പറേഷൻ അടയ്ക്കേണ്ട വിഹിതം ക്ഷേമനിധി ബോർഡിൽ അടയ്ക്കാത്തതാണ്. ഇതുപോലെ സാധാരണഗതിയിൽ പ്രശ്നങ്ങൾ ഉയർന്നു വരുമ്പോൾ ബാംബൂ കോർപ്പറേഷൻ എം. ഡി. ഒരു ചർച്ചയ്ക്ക് വിളിക്കാറുണ്ട്. ഇന്ന് ഈ സഭ നടക്കുമ്പോഴും എന്നെ ഉൾപ്പെടെ അങ്കമാലിയിൽ ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. പക്ഷേ ആ ചർച്ചകൊണ്ട് യാതൊരു ഫലവും ഉണ്ടാകാറില്ല. അവിടെ ഞങ്ങളൊക്കെ പോകും, ഒരു ചായ തരും. ചില കാര്യങ്ങളൊക്കെ ചെയ്യാം, ആലോചിക്കാമെന്നു പറയും, പിരിയും. അതുകൊണ്ട് പട്ടിണി കിടക്കുന്ന തൊഴിലാളികളെ രക്ഷിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത്, അങ്ങയുടെ ഓഫീസിൽ ഇതു സംബന്ധിച്ച് തൊഴിലാളി യൂണിയന്റെ നേതാക്കന്മാരെയും ഇതുമായി ബന്ധപ്പെടുന്ന, ഞാൻ ഉൾപ്പെടെ, ശ്രീ. ജോയി അടക്കം, ഈ രംഗത്തുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചു ചേർത്ത് അവരുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈറ്റയുടെ വില വർദ്ധനവ്, ഈറ്റയുടെ ലഭ്യത കുറവ്, ക്ഷേമനിധി ബോർഡ് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കണമെന്ന ആവശ്യങ്ങൾ, ഇതൊക്കെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ശ്രീ. പി. ജെ. ജോയി അതു സംബന്ധിച്ച് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടണമെന്നുള്ള ഒരു നിവേദനം തന്നിട്ടുണ്ട്. ഇവിടെ പറഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടാം. ഇന്നലെ വ്യവസായ വകുപ്പുമന്ത്രി ഇല്ലാതിരുന്നതുകൊണ്ടാണ് ഡേറ്റ് ഫിക്സ് ചെയ്യാതിരുന്നത്. അദ്ദേഹംകൂടി വന്ന

LIBRARY ARCHIVES Kerala Legislative Assembly